DESPATCHED
On..30/8/22..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 2015(3)/2018/എസ്.ഐ.സി

(ഫയൽ നം. 9194/എസ്.ഐ.സി - ജി 1/2018)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 26-08-2022

ശ്രീ. ദേവി.പി , W/o. മോഹൻദാസ്,
പുറായിൽ വീട്, എകരൂർ പി.ഒ,
ഉണ്ണികുളം വഴി,
കോഴിക്കോട് - 673 574
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി, ഉണ്ണികുളം ഗ്രാമപഞ്ചായത്ത്, എകരൂർ പി.ഒ, കോഴിക്കോട് - 673 574

2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 13.03.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 03.04.2018 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05.05.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ സമർപ്പിച്ച തീയതി | 31.05.2018 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30.08.2018 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | 31.08.2018 |

# ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം എകരൂർ പുറയിൽ വീട്ടിൽ മോഹൻദാസ് ഭാര്യ ശ്രീമതി. ദേവി. പി. സംസ്ഥാന വിവരാവകാശ കമ്മീഷനിൽ 31/08/2018 ന് സമർപ്പിച്ച ഈ അപ്പീൽ ഹർജി 19/08/2022 ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ പരിഗണിച്ചു. അപേക്ഷകയും, അപ്പീൽ അധികാരിയായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പ്രസാദ്. പി.ടിയും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ ആയ ശ്രീമതി സജ്ന.കെ, ജൂനിയർ സൂപ്രണ്ടും പങ്കെടുത്തു. ശ്രീമതി. ദേവി. പി. 2018 മാർച്ച് മാസം 13-ാം തീയതി വിവരാവകാശ നിയമം 2005, വകുപ്പ് 6(1) പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ മുമ്പാകെ ഒരപേക്ഷ സമർപ്പിക്കുകയും പഞ്ചായത്തിലെ വെങ്ങളത്ത് നടയ്ക്കൽ താഴെ വൃന്ദാവൻ റോഡിന് ഭൂമി വിട്ടു നൽകിയവർ, ടി റോഡ് രജിസ്റ്റർ ചെയ്ത വർഷം, അതിന്റെ നിർമ്മാണം, അതിന്റെ അളവുകൾ തുടങ്ങിയ 19 വിവരങ്ങൾ ലഭ്യമാക്കൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് നൽകിയ മറുപടിയിൽ കൃത്യമായ വിവരങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് അപേക്ഷക ഒന്നാം അപ്പീൽ അധികാരിയായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറേ സമീപിച്ചു. ഒന്നാം മറുപടിയിലെ അവ്യക്തതകൾ നീക്കി വ്യക്തവും കൃത്യവുമായ മറുപടിയും പകർപ്പും നൽകണമെന്ന് അപ്പീൽ അധികാരി നിർദ്ദേശിച്ചെങ്കിലും 19/06/2018 ന് എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ ഫയൽ കാണുന്നില്ല എന്ന വിവരം ആണ് അറിയിച്ചത്. ഈ വിഷയത്തിൽ ഇടപെട്ട് സംസ്ഥാന വിവരാവകാശ കമ്മീഷൻ 04/08/2021 ന് 9194/എസ്.ഐ.സി-ജി1/2018 നമ്പറായി അയച്ച കത്തിൽ എസ്.പി.ഐ.ഒ യോട് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. രണ്ടു നോട്ടീസുകൾക്കും എസ്.പി.ഐ.ഒ നൽകിയ മറുപടി വിവരങ്ങൾ

നൽകാതിരുന്നതിനെ ന്യായീകരിക്കുന്നതായിരുന്നു. 19.08.2022 ന് കോഴിക്കോട് കളക്ട റേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന സിറ്റിംഗിൽ ഹാജരായപ്പോൾ ഇപ്പോഴത്തെ എസ്. പി.ഐ.ഒ ശ്രീമതി. സജ്നയും അപ്പലേറ്റ് അതോറിറ്റിയായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയ റക്ടർ ശ്രീ. പ്രസാദ് പി.ടി യും ഈ ഫയൽ കണ്ടെടുത്തു വിവരങ്ങൾ നൽകാൻ തയ്യാ റാണെന്നു കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അത് മതിയാകുമെന്ന് അപേക്ഷകയും സമ്മതിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കമ്മീഷൻ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. ശ്രീമതി ദേവി. പി എന്നവർക്ക് അവർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ബന്ധ പ്പെട്ട ഫയലുകളിൽ നിന്നും പകർപ്പ് എടുത്ത് അറ്റസ്റ്റ് ചെയ്ത് സൗജന്യമായി ഈ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം ഉണ്ണികുളം ഗ്രാമപഞ്ചായത്ത് എസ്. പി.ഐ.ഒ ലഭ്യമാക്കേണ്ടതാണ്.
2. ഒന്നാം ഉത്തരവിലെ നിർദ്ദേശം നടപ്പാക്കിയ ശേഷം കൈപ്പറ്റു രസീതിന്റെ പകർപ്പ് ഈ കമ്മീഷനിൽ റിപ്പോർട്ട് സഹിതം സമർപ്പിക്കേണ്ടതാണ്.
3. ശ്രീമതി. ദേവി.പി. ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കാൻ ചുമതലാ ബോധത്തോടെയും ഉത്സാഹത്തോടെയും പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യ്ക്കെതിരെ വിവരാ വകാശ നിയമം 2005 ലെ വകുപ്പ് 20(1) പ്രകാരം ശിക്ഷാനടപടി സ്വീകരിക്കാ തിരിക്കാൻ തക്കതായ കാരണം ഉണ്ടെങ്കിൽ ആയതിന്മേലുള്ള ടിയാന്റെ വിശ ദീകരണം ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം അപ്പീൽ അധികാരിയായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട് കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം വിശദീകരണം ലഭിച്ചി ല്ലായെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല

എന്ന നിഗമനത്തിൽ കമ്മീഷൻ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022, ഓഗസ്റ്റ് മാസം 26-ാം തീയതി) ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM